**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5840** **03.11.2016 ന് മറുപടിയ്ക്ക്**

**പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ<br>,, സി.കൃഷ്ണൻ<br>,, യു. ആർ. പ്രദീപ്<br>,, രാജു എബ്രഹാം : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ, പട്ടികജാതി - പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളെ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് എക്സൈസ് ഉദ്യോഗസ്ഥർ, വാർഡ് പ്രതിനിധികളുടെ സഹകരണത്തോടുകൂടി ബോധവത്ക്കരണ ക്ലാസ്സുകളും, ഷോർട്ട് ഫിലിം പ്രദർശനവും നടത്തി വരുന്നു. പട്ടികവർഗ്ഗ കോളനികളിൽ ബോധവത്ക്കരണം, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജില്ലാ പട്ടികവർഗ്ഗ വികസന ആഫീസർമാരുടെ സഹകരണത്തോടുകൂടി പ്രാദേശിക, ജില്ലാ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ മേഖലകൾ കേന്ദ്രീകരിച്ച് വിപുലവും വൈവിദ്ധ്യവുമായ ബോധവത്ക്കരണ പ്രചാരണ പരിപാടികളാണ് എക്സൈസ് വകുപ്പ് സംഘടിപ്പിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി പാലക്കാട്, വയനാട്, |

| | | | |
|---|---|---|---|
| | | | ഇടുക്കി എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളിൽ പ്രത്യേക ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ കാവുണ്ടിക്കൽ, വടകോട്ടത്തറ എന്നീ ഊരുകളെ തിരഞ്ഞെടുത്ത് ലഹരി വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആദിവാസി ഊരുകളിൽ നിന്നും തെരഞ്ഞെടുത്ത 31 പേർക്ക് തൃശ്ശൂർ എക്സൈസ് അക്കാഡമിയിൽ പരിശീലനം നൽകി ലഹരി വിരുദ്ധ വോളണ്ടിയർമാരായി ഊരുകളിൽ നിയോഗിച്ചിട്ടുണ്ട്. അട്ടപ്പാടി, വയനാട് എന്നിവിടങ്ങളിൽ ജനമൈത്രി എക്സൈസ് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ അട്ടപ്പാടി ആദിവാസി മേഖലയിലെ വിദ്യാർത്ഥികളിൽ ലഹരിയ്ക്കെതിരെ അവബോധം സൃഷ്ടിയ്ക്കുന്നതിനായി ഷോളയാർ ട്രൈബൽ ഹൈസ്കൂളിലെ ലൈബ്രറിയ്ക്ക് 20,000/- രൂപയുടെ പുസ്തകങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്.<br>എഫ്.എം റേഡിയോ വഴിയും, സോഷ്യൽ മീഡിയകൾ വഴിയും മദ്യ-ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ ലാന്റ് ഫോണുകൾ വഴിയും, മൊബൈൽ ഫോണുകൾ വഴിയും റിംഗ്ടോണായി ലഹരി വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചുവരുന്നു.<br>നവീന സാമൂഹിക മാധ്യമങ്ങളിലൂടെ ബഹുജനങ്ങൾക്ക് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കാനാവും, ഈ ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് എക്സൈസ് കമ്മീഷണറുമായി 24 മണിക്കൂറും ബന്ധപ്പെടുന്നതിന് ഒരു വാട്ട്സ് അപ്പ് ഹെൽപ്പ് ലൈൻ നമ്പരും, മൊബൈൽ ഫോൺ നമ്പരും നിലവിൽ ഉണ്ട്. പട്ടിജാതി പട്ടികവർഗ്ഗ കോളനികളിൽ ലഹരി വിരുദ്ധ പരിപാടികളും ബോധവത്ക്കരണ ക്ലാസ്സുകളും എക്സൈസ് |

| | | | |
|---|---|---|---|
| | | | വകുപ്പിലെ ജീവനക്കാർ അവതരിപ്പിക്കുന്ന ബോധവത്ക്കരണ നാടകവും സംഘടിപ്പിച്ചിട്ടുള്ളതും ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ലഘുലേഖകളും പുസ്തകങ്ങളും വിതരണം ചെയ്തിട്ടുള്ളതുമാണ്. എക്സൈസ് ഉദ്യോഗസ്ഥർ വാർഡ് പ്രതിനിധികളുടെ സഹകരണത്തോടു കൂടി ബോധവത്ക്കരണ ഷോർട്ട് ഫിലിം പ്രദർശനവും നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**